LIBRARY ARCHIVES Kerala Legislative Assembly

തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ വികസനം

85 [667] *ശ്രീ. കെ. സി. ജോസഫ്:* താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയ തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ വിട്ടുപോയ ഭാഗങ്ങളുടെ പ്രവൃത്തി തുടങ്ങാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെങ്ങളായി ടൗൺ, ശ്രീകണ്ഠപുരം ടൗൺ, ഇരിക്കൂർ ടൗൺ തുടങ്ങിയ ഭാഗങ്ങളിലെ അപ്ഗ്രഡേഷൻ പ്രവൃത്തികൾ ടെണ്ടർ വിളിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടാംഘട്ട അപ്ഗ്രഡേഷന്റെ പണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ടെൻഡർ നടപടി പൂർത്തിയാക്കി ലോകബാങ്കിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പാലം പണികൾ

86 [668] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കുകയുണ്ടായെന്നും അവ ഏതെല്ലാം പാലങ്ങളാണെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പാലങ്ങൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നിർമ്മാണം ഏത് ഘട്ടംവരെ എത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയതും നിർമ്മാണപ്രവർത്തനങ്ങൾ ടെണ്ടർ ചെയ്തതുമായ ഏതെല്ലാം പാലങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പുതിയപുഴ പാലം, തോട്ടം കടവുപാലം എന്നിവയുമായി ബന്ധപ്പെട്ട് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 2001 മേയ് മാസത്തിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് 9 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുക്കുകയുണ്ടായി. അവ താഴെ പറയുന്നവയാണ്:

1. മുണ്ടേരിക്കടവ് പാലം
2. ചെമ്പല്ലിക്കുണ്ട് പാലം
3. കണ്ണവം പാലം
4. മാടത്തിൽ കുമൻതോട്ടിൽ 2 ചെറിയ പാലം
5. ആയിരംതെങ്ങ് കടവ് പാലം
6. ചെക്കിക്കുനി പാലം
7. അവറാ പാലം
8. എതുർകുതുക പാറകരിക്കോട്ടകിരി റോഡിൽ 4 ചെറിയ പാലങ്ങൾ
9. ആയിത്തറ പാലം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കണ്ണൂർ ജില്ലയിൽ പാണപ്പാട് പാലം, താളിച്ചാലം പാലം എന്നിവയാണ്.

(ഡി) പഴയന്നൂർ നിയോജകമണ്ഡലത്തിൽ പുതിയപുഴ പാലത്തിന് ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. തോട്ടംകടവ് പാലം ഇൻവെസ്റ്റിഗേഷൻ നടത്താൻ നടപടി തുടങ്ങിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന റോഡ്, പാലം പണികൾ

87 [669] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തികവർഷത്തിൽ കണ്ണൂർ ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുവേണ്ടി ഏറ്റെടുത്ത പൊതുമരാമത്ത് റോഡുകളും പാലങ്ങളും ഏതെല്ലാമെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വിശദമാക്കുമോ;

(ബി) 2005-2006 സാമ്പത്തികവർഷത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുവാൻ നബാർഡിൽനിന്നും അനുമതി ലഭിച്ച പൊതുമരാമത്ത് റോഡുകളും പാലങ്ങളും ഏതെല്ലാമെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇതുകൂടാതെ നബാർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പൊതുമരാമത്ത് റോഡുകളുടെയും പാലങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം -VII

[11-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 86 (668) ദയവായി കാണുക]

1. ഓടക്കടവ് പാലം –അഞ്ചരക്കണ്ടി പാലത്തിനു സമീപനറോഡ് പൂർത്തിയാക്കി. വെള്ളച്ചാൽ ഭാഗത്തുള്ള അബട്ട്മെന്റ് പണി പുരോഗമിച്ചുവരുന്നു.

2. വളപ്പട്ടണം മുനമ്പ്കടവ് പാലം –പാലം പണി പൂർത്തിയാക്കി. സമീപന റോഡിന്റെ സംരക്ഷണപ്രവൃത്തികളും പാലത്തിന്റെ കൈവരിയും ബാക്കിയുണ്ട്.

3. വെള്ളിക്കേൽ പാലം –ഒരു അബട്ട്മെന്റും 4 തൂണും പൂർത്തിയായി. ബാക്കി പണി പുരോഗമിച്ചുവരുന്നു.

4. വാരംകടവ് പാലം –പാലത്തിന്റെ ഡെർട്ട് വാളും സമീപന റോഡും ചെയ്യാനുണ്ട്.

5. മടുപ്പറച്ചാൽ പാലം –പാലം പണി പൂർത്തിയായി. അപ്രോച്ച് റോഡ് പുരോഗമിച്ചുവരുന്നു.

6. കുക്കുവാ പാലം–പാലം പണി പൂർത്തിയായി. അപ്രോച്ച് റോഡ് പുരോഗമിച്ചുവരുന്നു.

7. തെർളായി പാലം എല്ലാ തൂണും അബട്ട്മെന്റും പൂർത്തിയാക്കി. ഡക്ക് സ്ലാബും ബാക്കി പണികളും പുരോഗമിക്കുന്നു.

8. മട്ടുൽ മടക്കര പാലംപ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചു (കെ.എസ്.സി.സി.)

9. കാർത്തികപുരം പാലം അബട്ട്മെന്റ് കേപ്പ്, പിയർ കേപ്പ് എന്നിവ പൂർത്തിയാക്കി. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു.

10. ചാല പാലം അബട്ട്മെന്റ് പണി പൂർത്തിയാക്കി. ഡെക്ക് സ്ലാബ് പുരോഗമിച്ചു വരുന്നു.

11. പുള്ളോപ്പി കടവ്പൈലിംഗ് പണി പുരോഗമിച്ചുവരുന്നു.

12. കൊറലായി പാലം –പ്രവൃത്തി തുടങ്ങി.

GPM. 2/574/2012—36

LIBRARY ARCHIVES Kerala Legislative Assembly